നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

<u>വിജ്ഞാപനം</u>

# 2009 - ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്

വിവിധ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള 2009-10 വർഷത്തെ അലോട്ട്മെന്റ് സംബന്ധിച്ച നടപടിക്രമങ്ങൾ **ജൂലൈ മാസം 7-ാം തീയതി (ചൊവ്വാഴ്ച)** ആരംഭിക്കുന്നതാണ്.

**2009 ജൂലൈ മാസം 7-ാം തീയതി (ചൊവ്വാഴ്ച)** ഉച്ചയ്ക്ക് ശേഷം 1 മണി മുതൽ **ജൂലൈ 14-ാം തീയതി (ചൊവ്വാഴ്ച)** ഉച്ചയ്ക്ക് ശേഷം 1 മണി വരെ വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in/keam** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും** (OFC) **ഹെൽപ്പ് ഡസ്കുകളും** (HD) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

## <u>KEAM 2009</u> - <u>ഒന്നാംഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ കൊടുത്തിരിക്കുന്നു</u>

| | |
|---|---|
| 07.07.2009 - ഉച്ചയ്ക്ക് 1 മണി മുതൽ | **ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം സജ്ജമാകുന്നു** |
| 12.07.2009 | ആദ്യ ട്രയൽ അലോട്ടുമെന്റ്, ഓപ്ഷൻ രജിസ്ട്രേഷൻ തുടരാം. |
| 14.07.2009 - 1 മണി | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| **17.07.2009 -** വൈകുന്നേരം | **ആദ്യ അലോട്ടുമെന്റ്** |
| 18.07.2009 മുതൽ 25.07.2009 വരെ | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ പണമടയ്ക്കണം |
| 26.07.2009 | മെഡിക്കൽ/ഡെന്റൽ കോളേജുകൾ എം.ബി.ബി.എസ്/ ബി.ഡി.എസ് അലോട്ടുമെന്റ് ലിസ്റ്റ് ഡൗൺലോഡ് ചെയ്യുക |
| 27.07.2009 & 28.07.2009 | എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് പ്രവേശനം |
| 29.07.2009 | എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകൾക്ക് ചേരാത്തവരുടെ ലിസ്റ്റ് കോളേജുകൾ ലഭ്യമാക്കണം |
| 30.07.2009 മുതൽ 01.08.2009 വരെ | ആവശ്യമുള്ളപക്ഷം അഡ്മിഷൻ കാൻസൽ ചെയ്യാനുള്ള അവസരം |
| 03.08.2009 | എം.ബി.ബി.എസ്/ ബി.ഡി.എസ് ക്ലാസ്സുകൾ ആരംഭിക്കുന്നു |

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് രണ്ട് അലോട്ടുമെന്റികളിലേയ്ക്ക് മാത്രമേ വിദ്യാർത്ഥികൾക്ക് ഓപ്ഷൻ നൽകാൻ സാധിക്കുകയുള്ളു. രണ്ടാം ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷന് അർഹതയുണ്ടായിരിക്കുകയില്ല. ഇപ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ ഫീസ് തിരികെ നൽകുന്നതാണ്. ഈ കോളേജുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 14-ാം തീയതി വരെ അഡ്മിഷൻ കാൻസൽ ചെയ്യാവുന്നതാണ്. ഇവർക്ക് ബാങ്കിൽ ഒടുക്കിയ ഫീസ് തിരിച്ചു നൽകുന്നതാണ്. ആഗസ്റ്റ് 14-ാം തീയതിക്കു ശേഷം ഈ കോളേജുകളിൽ നിന്ന് അഡ്മിഷൻ കാൻസൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് മുഴുവൻ കോഴ്സ് ഫീസും നൽകിയാൽ മാത്രമേ ടി.സിയും മറ്റ് രേഖകളും ലഭിക്കുകയുള്ളു.

താഴെ പറഞ്ഞിരിക്കുന്ന പ്രൊഫഷണൽ കോളേജുകളിലെ വിവിധ കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്:

1. സർക്കാർ/എയിഡഡ്/ കാർഷിക സർവ്വകലാശാല കോളേജുകൾ.
2. സർക്കാരുമായി കരാറിലേർപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ കോളേജുകൾ :

| നം. | വിഭാഗം | അനക്ഷർ |
|---|---|---|
| 1 | എൻജിനീയറിംഗ് | I |
| 2 | *മെഡിക്കൽ | II |
| 3 | *ഡന്റൽ | III |
| 4 | *ആയുർവേദ | IV |
| 5 | സിദ്ധ | V |

3. സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ (**IHRD, LBS, CAPE, CCE** ).
4. കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ് സർവ്വകലാശാലകളുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ. (**UCK, UCE & UCC**)
5. ശ്രീ ചിത്തിരതിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം. (**SCT**)
6. സർക്കാർ നിയന്ത്രണത്തിലുള്ള *കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി (**CMC**), *അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ (**KNM**), പരിയാരം ഡെന്റൽ കോളേജ്, പരിയാരം, കണ്ണൂർ (**KND**).

(*കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും ഇതുവരെ അനുമതി ലഭിക്കാത്ത മെഡിക്കൽ/ഡന്റൽ/ആയുർവ്വേദ കോളേജുകളിലേയ്ക്കും ഓപ്ഷനുകൾ സ്വീകരിക്കുന്നതാണ്. എന്നാൽ ഇവയ്ക്ക് പുതുക്കിയ അനുമതി ലഭിക്കുന്നപക്ഷം മാത്രം അലോട്ട്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്.)

വിവിധ സർക്കാർ/എയ്ഡഡ്/കാർഷിക സർവ്വകലാശാല കോളേജുകളിൽ നിലവിലുള്ള സീറ്റ് സംവരണം തുടരുന്നതാണ്.

## നിർദ്ദേശാനുസൃത സംവരണം :

അഖിലേന്ത്യാ ക്വോട്ട, ഇന്ത്യാ ഗവണ്മെന്റ് നോമിനികൾ, പ്രത്യേക സംവരണം, ശാരീരിക വൈകല്യമുള്ളവർ, എന്നിവർക്കായി നീക്കിവച്ച സീറ്റുകൾ പോകെ ഓരോ കോഴ്സിനും അവശേഷിക്കുന്ന സീറ്റുകൾ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള 2.5.1966-ലെ G.O.(P)208/66/Edn. ഉത്തരവിലെയും 06.10.2008-ലെ G.O.(Ms)No.95/08/SCSTDD ഉത്തരവിലേയും തത്വങ്ങൾക്കനുസൃതമായി വിതരണം ചെയ്യുന്നതാണ്. നിർദ്ദേശാനുസൃത സംവരണം ഇപ്രകാരമാണ്. (ശതമാന കണക്കിൽ)

| | | | | |
|---|---|---|---|---|
| (A) | സ്റ്റേറ്റ് മെരിറ്റ് (SM) | - | | 64% |
| (B) | സാമൂഹികമായും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC) | - | | 26% |
| | (a) ഈഴവ (EZ) | - | 9% | |
| | (b) മുസ്ലീം (MU) | - | 8% | |
| | (c) മറ്റു പിന്നോക്ക ഹിന്ദു (BH) | - | 5% | |
| | (d) ആംഗ്ലോ ഇന്ത്യൻ ഒഴികെയുള്ള ലത്തീൻ കത്തോലിക്കർ (LC) | - | 2% | |
| | (e) മറ്റു പിന്നോക്ക ക്രിസ്ത്യൻ (BX) | - | 1% | |
| | (f) കുഡുംബി (KU) | - | 1% | |
| (C) | പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും | - | | 10% |
| | (a) പട്ടികജാതി (SC) | - | 8% | |
| | (b) പട്ടികവർഗ്ഗം (ST) | - | 2% | |

മറ്റ് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ സീറ്റ് ലഭ്യത, സീറ്റ് സംവരണം, ഫീസ് ഘടന എന്നിവ ഇപ്രകാരമായിരിക്കും.

| പ്രൊഫഷണൽ കോളേജുകൾ | സർക്കാരിന് ലഭ്യമായ സീറ്റ് | സീറ്റ് സംവരണം |
|---|---|---|
| 1. സർക്കാർ/യൂണിവേഴ്സിറ്റികൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകൾ.<br>2. സ്വകാര്യ സ്വാശ്രയ കോളേജുകൾ (ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ കോളേജുകൾ ഒഴികെ) | 50% | സർക്കാർ/എയിഡഡ് കോളേജുകളിൽ നിലവിലുള്ള സംവരണം |

**കുറിപ്പ്:-** (1) ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിൽ സർക്കാരിന് ലഭ്യമായ 50% സീറ്റുകളുടെ 20% സീറ്റുകൾ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ യോഗ്യരായ വിദ്യാർത്ഥികൾക്ക് മെറിറ്റടിസ്ഥാനത്തിൽ അനുവദിക്കുന്നതായിരിക്കും. ബാക്കിയുള്ള സീറ്റുകൾ സർക്കാർ കോളേജുകളിലെ സംവരണ തത്വത്തിന്റെ അടിസ്ഥാനത്തിൽ തന്നെ അനുവദിക്കുന്നതാണ്. (**അനക്ഷർ VI** കാണുക)

(2) സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലും, കേരളാ, മഹാത്മാഗാന്ധി, കോഴിക്കോട് സർവ്വകലാശാലകളുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലും, 35% മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്. എന്നാൽ ശ്രീ ചിത്തിരതിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗിൽ 25% മാനേജ്മെന്റ് സീറ്റുകളിലേക്കാണ് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നത്. ഇവയിൽ എല്ലാംതന്നെ മെറിറ്റടിസ്ഥാനത്തിലായിരിക്കും അലോട്ട്മെന്റ് നടത്തുന്നത്.

## ഫീസ് ഘടന

| **എൻജിനീയറിംഗ്** | | |
|---|---|---|
| സർക്കാർ/എയ്ഡഡ് എൻജിനീയറിംഗ് കോളേജുകൾ | | **6,200/- രൂപ** |
| സർക്കാർ / യൂണിവേഴ്സിറ്റി നിയന്ത്രിത സ്വാശ്രയ കോളേജുകൾ | **50% ഗവൺമെന്റ് സീറ്റ്** | **35% മാനേജ്മെന്റ് സീറ്റ്** |
| | **25,000/- രൂപ** | **65,000/- രൂപ** |
| സ്വകാര്യ, സ്വാശ്രയ കോളേജുകൾ | **35,000/- രൂപ** | - |

| എസ്.സി.റ്റി. കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം | **50% ഗവൺമെന്റ് സീറ്റ്** | **25% മാനേജ്മെന്റ് സീറ്റ്** |
|---|---|---|
| | **25,000/- രൂപ** | **65,000/- രൂപ** |

| **മെഡിക്കൽ (എം.ബി.ബി.എസ്)** | | | |
|---|---|---|---|
| സർക്കാർ മെഡിക്കൽ കോളേജുകൾ | **25,000/- രൂപ** | | |
| കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി / അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ | **50% ഗവൺമെന്റ് സീറ്റ്** | | |
| | **ബി പി എൽ/ താഴ്ന്ന വരുമാനം (10 സീറ്റുകൾ)** | **എസ്.ഇ.ബി.സി വിഭാഗം (13 സീറ്റുകൾ)** | **സ്റ്റേറ്റ് മെറിറ്റ്** |
| | *** 25,000/- രൂപ** | *** 40,000/- രൂപ** | **90,000/- രൂപ** |
| | **35% മാനേജ്മെന്റ് സീറ്റ്** | | |
| | **4,50,000/- രൂപ** | | |
| സ്വകാര്യ, സ്വാശ്രയ മെഡിക്കൽ കോളേജുകൾ | **50% ഗവൺമെന്റ് സീറ്റ്** | | |
| | **ബി പി എൽ/ താഴ്ന്ന വരുമാനം (14 %)** | **എസ്.ഇ.ബി.സി വിഭാഗം (26 %)** | **സ്റ്റേറ്റ് മെറിറ്റ്** |
| | *** 25,000/- രൂപ** | *** 45,000/- രൂപ** | **1,38,000/- രൂപ** |

| **ഡന്റൽ (ബി.ഡി.എസ്)** | | | |
|---|---|---|---|
| സർക്കാർ ഡന്റൽ കോളേജുകൾ | **23,000/- രൂപ** | | |
| പരിയാരം ഡന്റൽ കോളേജ്, പരിയാരം, കണ്ണൂർ | **50% ഗവൺമെന്റ് സീറ്റ്** | | |
| | **ബി പി എൽ/ താഴ്ന്ന വരുമാനം (6 സീറ്റുകൾ)** | **എസ്.ഇ.ബി.സി വിഭാഗം (8 സീറ്റുകൾ)** | **സ്റ്റേറ്റ് മെറിറ്റ്** |
| | *** 23,000/- രൂപ** | *** 39,000/- രൂപ** | **88,000/- രൂപ** |
| | **35% മാനേജ്മെന്റ് സീറ്റ്** | | |
| | **2,80,000/- രൂപ** | | |
| സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകൾ | **50% ഗവൺമെന്റ് സീറ്റ്** | | |
| | **ബി പി എൽ/താഴ്ന്ന വരുമാനം (14 %)** | **എസ്.ഇ.ബി.സി വിഭാഗം (26 %)** | **സ്റ്റേറ്റ് മെറിറ്റ്** |
| | *** 23,000/- രൂപ** | *** 44,000/- രൂപ** | **1,10,000/- രൂപ** |

* സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ 2009ൽ പ്രാബല്യത്തിൽ വരുന്ന ഫീസിളവിനെ സംബന്ധിച്ച വിവരങ്ങൾ **അനക്ഷർ VIII** ൽ കൊടുത്തിട്ടുണ്ട്. ഫീസിളവ് ലഭിക്കുന്നത് അലോട്ട്മെന്റ് പൂർത്തീകരിച്ചതിനുശേഷമായിരിക്കും. ആയതിനാൽ അലോട്ടുമെന്റ് സമയത്ത് SC/ST/OEC വിദ്യാർത്ഥികൾ ഒഴികെ അലോട്ട്മെന്റ് ലഭിക്കുന്നവർ സ്റ്റേറ്റ് മെറിറ്റ് ഫീസ് നിരക്കിൽ തുക ഒടുക്കേണ്ടതാണ്. അഡ്മിഷനു ശേഷം ഫീസ് ആനുകൂല്യം ലഭിക്കുന്നവർക്ക് അധികമായി അടച്ച തുക മടക്കി നൽകുന്നതാണ്.

| | | |
|---|---|---|
| **ആയൂർവേദ (ബി.എ.എം.എസ്.)** | | |
| സർക്കാർ /എയ്ഡഡ് ആയുർവ്വേദ കോളേജുകൾ | | **12,000/- രൂപ** |
| സ്വകാര്യ, സ്വാശ്രയ കോളേജുകൾ | **50% ഗവൺമെന്റ് സീറ്റ്** | **35% മാനേജ്മെന്റ് സീറ്റ്** |
| | **40,000/- രൂപ** | - |
| **സിദ്ധ (ബി.എസ്.എം.എസ്.)** | | |
| സ്വകാര്യ സ്വാശ്രയ കോളേജ് | **35,000/- രൂപ** | - |
| **ഹോമിയോ (ബി.എച്ച്.എം.എസ്.)** | | |
| സർക്കാർ/എയ്ഡഡ് ഹോമിയോ കോളേജുകൾ | | **2,087/- രൂപ** |
| **കേരള കാർഷിക സർവ്വകലാശാലയുടെ കോളേജുകൾ** | | |
| ബി.എസ്.സി. (അഗ്രിക്കൾച്ചർ/ഫിഷറീസ്/ഫോറസ്ട്രി) | | **2,125/- രൂപ** |
| ബി.വി.എസ്.സി. (വെറ്ററിനറി) | | **2, 425/- രൂപ** |
| ബി.ടെക്. (അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ്) | | **2,520/- രൂപ** |
| ബി.ടെക്. (ഡെയറി സയൻസ് ആന്റ് ടെക്നോളജി) | | **2,125/- രൂപ** |

**കോഷൻ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം. (എം.എസ്.)25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും താഴെപ്പറയുന്ന നിരക്കിൽ തുക അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

1. എൻജിനീയറിംഗ് : **Rs. 1,000/-**
2. മറ്റ് കോഴ്സുകൾ : **Rs. 100/-**

ഗവൺമെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കേണ്ടതാണ്.

താഴെ പറഞ്ഞിരിക്കുന്ന സ്പെഷ്യൽ റിസർവേഷൻ വിഭാഗങ്ങൾക്ക് സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ സംവരണം ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്.

എക്സ്-സർവ്വീസ് (XS) - **3**, പ്രതിരോധ സേനാംഗങ്ങളുടെ മക്കൾ (SD) - **6**, പ്രതിരോധ സേനയിൽ സേവനസമയത്ത് മരിച്ചുപോയവരുടെയും/കാണാതായവരുടേയും/അംഗവൈകല്യം സംഭവിച്ചവരുടേയും ആശ്രിതർ (DK) - **2**, എൻ.സി.സി. (CC) - **1**. പ്രസ്തുത സീറ്റുകളുടെ വിശദാംശങ്ങൾ **അനക്ഷർ VII**-ൽ ലഭ്യമാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

തിരുവനന്തപുരം

07 .07.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**

# Annexure I

## List of Private Self-financing Engineering Colleges

1) Al-Ameen College of Engineering, Pattambi, Shornur, Palakkad
2) Adi Sankara Institute of Engineering & Technology, Kalady, Ernakulam
3) AWH Engineering College, Kozhikode
4) Baselios Mathew II College of Engineering, Sasthamcotta, Kollam
5) Carmel Engineering College, Koonamkara, Ranni, Pathanamthitta
6) Federal Institute of Science & Technology, Mookkannoor, Angamaly
7) Ilahia College of Engineering & Technology, Mulavoor, Moovattupuzha, Ernakulam
8) I E S College of Engineering, Chittilappilly, Thrissur
9) K M C T College of Engineering, Mukkom, Manassery, Kozhikode
10) K M E A Engineering College, Edathala, Alwaye
11) Mar Baselios College of Engineering and Tech., Peermade, Idukki
12) Musaliar College of Engineering & Technology, Kumpazha, Pathanamthitta
13) Mohandas College of Engineering & Technolgy, Nedumangad, Thiruvananthapuram
14) M E A Engineering College, Chemmaniyod, Vengoor, Malappuram
15) M E S College of Engineering, Kuttippuram, Thrissur
16) Met's School of Engineering, Mala, Thrissur
17) M G College of Engineering, Thiruvallom, Thiruvananthapuram
18) Saintgits College of Engineering, Pathamuttom, Kottayam
19) Mangalam College of Engineering, Ettumanoor, Kottayam
20) Mary Matha College of Engineering & Technology, Olathanni, Thiruvananthapuram
21) Matha College of Technology, Manakappadi, North Paravur, Ernakulam
22) Muslim Association College of Engineering, Venjaramoodu, Thiruvananthapuram
23) Mount Zion College of Engineering, Pathanamthitta
24) Nehru College of Engineering & Research Centre, Thiruvillwamala, Thrissur
25) P A Aziz College of Engineering & Technology, Karakulam, Thiruvananthapuram
26) Royal College of Engineering & Technology, Akkikkavu P O, Thrissur
27) Sree Buddha College of Engineering, Nooranadu, Pattoor P O, Padanilam, Alappuzha
28) SCMS School of Engineering & Technology, Ernakulam
29) SHM Engineering College, Kadakkal, Kollam
30) Sarabhai Institute of Science & Technology, Kattakada, Vellanad, Nedumangad
31) Sree Narayana Guru College of Engineering & Technology, Payyannur, Kannur
32) Sree Narayana Gurukulam College of Engineering, Kolencherry, Kadayiruppu P O, Ernakulam
33) Sree Narayana Mangalam Institute of Management & Technology, Moothakunnam, Maliankara, Ernakulam

34) Travancore Engineering College, Aayoor, Kollam

35) T K M Institute of Technology, Ezhukone, Kollam

36) Toc H Institute of Science & Technology, Mulamthuruthy, Ernakulam

37) Vidya Academy of Science & Technology, Thrissur

38) Veda Vyasa Institute of Technology, Ponnempadam P O, Karadparamba, Malappuram

39) Younus College of Engineering & Technology, Vadakkevila, Kollam

40) Jawaharlal College of Engineering Technology, Lakkidi, Ottapalam, Palakkad

41) Thejus Engineering College, Vellarakkad, Thrissur

42) Malabar College of Engineering & Technology, Deshamangalam, Thrissur

43) Prime College of Engineering for Women, Kodumb, Palakkad

44) UKF College of Engineering & Technology, Paripally, Kollam

45) KMCT Engineering College for Women, Kozhikode

46) MES Institute of Technology & Management, Kollam

47) Rajadhani Institute of Enginering & Technology, Attingal

48) Sreepathy Institute of Management & Technology, Koottanadu, Palakkad

49) Pankajakasthuri College of Engineering & Technology, Kandala, Thiruvananthapuram

## Annexure II

**List of Private Self-financing Medical Colleges**

1. Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram
2. Kannur Medical College, Anjarakandy, Mamba P O, Kannur
3. Karuna Medical College, Vilayodi, Chittur, Palakkad
4. MES Medical College, Perinthalmanna, Malappuram
5. Sree Gokulam Medical College and Research Foundation, Venjaramood, Thiruvananthapuram
6. SUT Academy of Medical Sciences, Vattappara, Thiruvananthapuram
7. Azeezia Institute of Medical Sciences and Research, Meeyannoor, Kollam
8. KMCT Medical College, Mukkom, Kozhikode

## Annexure III

**List of Private Self-financing Dental Colleges**

1. Anoor Dental College & Hospital, Muvattupuzha, Ernakulam
2. Al-Azhar Dental College, Perumpillichira P O, Thodupuzha, Idukki
3. Azeezia College of Dental Sciences & Research, Meeyannooe, Kollam
4. Century International Institute for Dental Sciences and Research Centre, Poinachi, Kasaragod

5. Educare Institute of Dental Sciences, College Road, Chattiparamba, Malappuram
6. Indira Gandhi Institute of Dental Sciences, Nellikuzhy P O, Kothamangalam, Ernakulam
7. Kannur Dental College, Anjarakandy, Mamba P O, Kannur
8. KMCT Dental College, Mampette, Manassery P O, Kozhikode
9. Malabar Dental College & Research Centre, Mudur P O, Edappal, Malappuram
10. Mar Baselious Dental College, Kothamangalam P O, Ernakulam
11. MES Dental College, Perinthalmanna, Palachode P O, Malappuram
12. Noorul Islam College of Dental Science, Neyyattinkara, Thiruvananthapuram
13. PMS College of Dental Sciences and Research Centre, Vencode P O, Vattappara, Thiruvananthapuram
14. PSM College of Dental Science and Research, Akkikavu, Thrissur
15. Royal Dental College, Chalissery, Mannaraparamba, Palakkad
16. Sree Sankara Dental College, Akathumuri, Varkala, Thiruvananthapuram
17. St. Gregorious Dental College, Kothamangalam, Ernakulam

## Annexure IV

**List of Private Self-financing Ayurveda Colleges**

1. KMCT Ayurveda Medical College, Manasseri P O, Mukkom, Kozhikode
2. Nangeli Ayurveda Medical College, Kothamangalam, Nellikuzhy P O, Ernakulam
3. Pankajakasthuri Ayurveda Medical College, Kattakkada, Thiruvananthapuram
4. Parasinikadavu Ayurveda Medical College, Parassinikadavu P O, Kannur
5. PNNM Ayurveda Medical College, Shoranur, Palakkad
6. Sree Narayana Institute of Ayurvedic Studies & Research, Karimpinpuzha P O, Puthur, Kollam
7. Santhigiri Ayurveda Medical College, Olassery P O, Kodumba via, Palakkad
8. PN Panicker Sauhrida Ayurveda Medical College, Kanhangad
9. Vishnu Ayurveda Medical College, Shoranur, Palakkad
10. Mannam Ayurveda Co-operative Medical College, Pandalam, Pathanamthitta

## Annexure V

**List of Private Self-financing Sidha College**

1. Santhigiri Siddha Medical College, Pothencode, Thiruvananthapuram.

## Annexure VI

## List of Minority Institutions as per Government Orders

| Sl. No. | Name of College | Course | Community |
|---|---|---|---|
| 1 | MES College of Engineering, Kuttippuram, Malappuram | Engineering | Muslim |
| 2 | Younus College of Engineering & Technology, Vadakkevila, Kollam | Engineering | Muslim |
| 3 | Saintgits College of Engineering, Pathamuttam, Kottayam | Engineering | Christian |
| 4 | Musaliar College of Engineering & Technology, Kumbazha, Pathanamthitta | Engineering | Muslim |
| 5 | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram | MBBS | SIUC - SKD<br>SC converted to Christianity<br>SIUC - SKD |
| 6 | Kannur Medical College, Anjarakandy, Mamba P O, Kannur | MBBS | Students from Muslim community from Kannur District only |
| 7 | MES Medical College, Perinthalmanna, Malappuram | MBBS | Muslim |
| 8 | Mar Baselios Dental College, Kothamangalam, Ernakulam | BDS | Jacobite Syrian Christian |
| 9 | Kannur Dental College, Anjarakandy, Mamba P O, Kannur | BDS | Students from Muslim community from Kannur District only |

## Annexure VII

## Details of Special Reservation Seats in Government Sponsored Self-financing Engineering Colleges

| Category | College | College name | Course | No. of seats |
|---|---|---|---|---|
| XS | ADR | College of Engineering, Adoor, Pathanamthitta | ME | 1 |
| | CHN | College of Engineering, Chengannur, Alappuzha | EC | 1 |
| | MDL | Model Engineering College, Thrikkakara, Ernakulam | CS | 1 |
| | **Total** | | | **3** |
| SD | KGR | College of Engineering, Kidangoor, Kottayam | EE | 1 |
| | KSD | LBS College of Engineering, Muliyar P O, Kasaragod | IT | 1 |
| | KNP | College of Engineering, Karunagappally, Kollam | EC | 1 |
| | CEA | College of Engineering, Attingal, Thiruvananthapuram | EC | 1 |

| | | | | |
|---|---|---|---|---|
| | SCT | Sree Chitra Thirunal College of Engineering, Pappanamcode, Thiruvananthapuram | MP | 1 |
| | TKR | College of Engineering, Trikaripur, Kasaragod | CS | 1 |
| | **Total** | | | **6** |
| **DK** | PRN | College of Engineering, Perumon, Kollam | EC | 1 |
| | UCC | Calicut University Institute of Engineering & Technology, Tenhipalam, Malappuram | EE | 1 |
| | **Total** | | | **2** |
| **CC** | UCK | University College of Engineering, Kariavattom, Thiruvananthapuram | CS | **1** |

## Annexure VIII

### സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ ഫീസിളവിന്റെ വിശദാംശങ്ങൾ

സർക്കാരുമായി സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജ് മാനേജ്മെന്റുകൾ ഏർപ്പെട്ട കരാർ അനുസരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ ഓരോ കോളേജിലേയ്ക്കും അലോട്ട്മെന്റ് നടത്തിയ വിദ്യാർത്ഥികളിൽ നിന്നും ബി.പി.എൽ/താഴ്ന്ന വാർഷിക കുടുംബ വരുമാനമുള്ള 14% വിദ്യാർത്ഥികൾക്കും, സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന (SEBC) 26% വിദ്യാർത്ഥികൾക്കും ഫീസിളവ് ലഭിക്കുന്നതാണ്.

(a) ഓരോ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന മൊത്തം വിദ്യാർത്ഥികളിൽ നിന്നും സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽപെടുന്ന / ഏറ്റവും താഴ്ന്ന വാർഷിക കുടുംബ വരുമാനമുള്ള 14% വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസ് നിരക്കിൽ പഠിക്കാവുന്നതാണ്. ഇവരെ തെരഞ്ഞെടുക്കുന്നതിന് റാങ്കോ കാറ്റഗറിയോ ബാധകമായിരിക്കുകയില്ല. ഫീസ് ആനുകൂല്യം ലഭിക്കുന്നതിനാൽ SC/ST/OEC മുതലായ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഇതിലേക്ക് പരിഗണിക്കുന്നതല്ല.

(b) ഓരോ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിലും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്ത മൊത്തം വിദ്യാർത്ഥികളിൽ നിന്നും SEBC വിഭാഗത്തിൽപ്പെടുന്ന 26% വിദ്യാർത്ഥികൾക്ക്, അവർ മെറിറ്റിലോ സംവരണ ക്വാട്ടയിലോ മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടയിലോ പ്രവേശനം ലഭിച്ചവരാണെങ്കിലും, കുറഞ്ഞ ഫീസ് നിരക്കിൽ പഠിക്കാവുന്നതാണ്. റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും ഇവരെ തെരഞ്ഞെടുക്കുക.

(c) ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള കോളേജുകളിലും ക്ലോസ്സ് (a) യിലും (b) യിലും പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ ബാധകമായിരിക്കും.

ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിനു ശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിച്ച വാർഷിക മെറിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. ഫീസിളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ബാക്കി തുക മടക്കി നൽകുന്നതാണ്.

## ഫീസ് നിരക്ക്

| സ്വകാര്യ, സ്വാശ്രയ മെഡിക്കൽ കോളേജുകൾ | 50% ഗവൺമെന്റ് സീറ്റ് | | |
|---|---|---|---|
| | ബി പി എൽ/ താഴ്ന്ന വരുമാനം (14 %) | എസ്.ഇ.ബി.സി വിഭാഗം (26 %) | സ്റ്റേറ്റ് മെറിറ്റ് |
| | 25,000/- രൂപ | 45,000/- രൂപ | 1,38,000/- രൂപ |

| സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകൾ | 50% ഗവൺമെന്റ് സീറ്റ് | | |
|---|---|---|---|
| | ബി പി എൽ/താഴ്ന്ന വരുമാനം (14 %) | എസ്.ഇ.ബി.സി വിഭാഗം (26 %) | സ്റ്റേറ്റ് മെറിറ്റ് |
| | 23,000/- രൂപ | 44,000/- രൂപ | 1,10,000/- രൂപ |

### <u>അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ/കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി/ പരിയാരം ഡെന്റൽ കോളേജ്, കണ്ണൂർ</u>

സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളായ അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ/കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി/പരിയാരം ഡെന്റൽ കോളേജ്, കണ്ണൂർ എന്നീ കോളേജുകളിൽ ബി.പി.എൽ വിഭാഗത്തിൽപെടുന്നവർ/താഴ്ന്ന വാർഷിക കുടുംബ വരുമാനമുള്ളവർ/എസ്.ഇ.ബി.സി. വിദ്യാർത്ഥികൾ എന്നിവർക്ക് താഴെ പറയുന്ന രീതിയിൽ ഫീസിളവ് ലഭിക്കുന്നതാണ്.

(a) ഈ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ഓരോന്നിലും പ്രവേശന പരീക്ഷാ കമ്മീഷണർ മെരിറ്റ് സീറ്റിൽ അലോട്ട് ചെയ്ത മൊത്തം വിദ്യാർത്ഥികളിൽ നിന്നും സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽപെടുന്ന/ഏറ്റവും താഴ്ന്ന വാർഷിക കുടുംബ വരുമാനമുള്ള MBBS ന് **10** വിദ്യാർത്ഥികൾക്കും BDS ന് **6** വിദ്യാർത്ഥികൾക്കും കുറഞ്ഞ ഫീസ് നിരക്കിൽ പഠിക്കാവുന്നതാണ്. ഇവരെ തെരഞ്ഞെടുക്കുന്നതിന് റാങ്കോ കാറ്റഗറിയോ ബാധകമായിരിക്കുകയില്ല. ഫീസ് ആനുകൂല്യം ലഭിക്കുന്നതിനാൽ SC/ST/OEC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഇതിലേക്ക് പരിഗണിക്കുന്നതല്ല.

(b) ഈ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ഓരോന്നിലും പ്രവേശന പരീക്ഷാ കമ്മീഷണർ മെരിറ്റ് സീറ്റിൽ അലോട്ട് ചെയ്ത മൊത്തം വിദ്യാർത്ഥികളിൽ നിന്നും SEBC വിഭാഗത്തിൽപ്പെടുന്ന **13** വിദ്യാർത്ഥികൾക്ക് MBBS നും **8** വിദ്യാർത്ഥികൾക്ക് BDS നും, അവർ മെറിറ്റിലോ സംവരണ ക്വാട്ടയിലോ പ്രവേശനം ലഭിച്ചവരാണെങ്കിലും, കുറഞ്ഞ ഫീസ് നിരക്കിൽ പഠിക്കാവുന്നതാണ്. റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും ഇവരെ തെരഞ്ഞെടുക്കുക.

<u>ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് ഈ കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിനുശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിച്ച വാർഷിക മെറിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. ഫീസിളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ബാക്കി തുക മടക്കി നൽകുന്നതാണ്.</u>

## ഫീസ് നിരക്ക്

<table>
<tr><td rowspan="3">അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ/ /കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജ്, കൊച്ചി</td><td colspan="3">50% ഗവൺമെന്റ് സീറ്റ്</td></tr>
<tr><td>ബി പി എൽ/ താഴ്ന്ന വരുമാനം (10 സീറ്റുകൾ)</td><td>എസ്.ഇ.ബി.സി വിഭാഗം (13 സീറ്റുകൾ)</td><td>സ്റ്റേറ്റ് മെറിറ്റ്</td></tr>
<tr><td>25,000/- രൂപ</td><td>40,000/- രൂപ</td><td>90,000/- രൂപ</td></tr>
<tr><td rowspan="3">പരിയാരം ഡന്റൽ കോളേജ്, പരിയാരം, കണ്ണൂർ</td><td colspan="3">50% ഗവൺമെന്റ് സീറ്റ്</td></tr>
<tr><td>ബി പി എൽ/ താഴ്ന്ന വരുമാനം (6 സീറ്റുകൾ)</td><td>എസ്.ഇ.ബി.സി വിഭാഗം (8 സീറ്റുകൾ)</td><td>സ്റ്റേറ്റ് മെറിറ്റ്</td></tr>
<tr><td>23,000/- രൂപ</td><td>39,000/- രൂപ</td><td>88,000/- രൂപ</td></tr>
</table>

*******************